**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1179** **18-09-2025 - ൽ മറുപടിയ്ക്ക്**

**ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി പൊളിച്ച റോഡുകളുടെ പുനഃസ്ഥാപനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി പൊളിച്ച പൊതുമരാമത്ത് റോഡുകളുടെ പുനഃസ്ഥാപന പ്രവൃത്തികൾക്കാവശ്യമായ ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (എ) | റോഡ് റെസ്റ്റോറേഷന് ആവശ്യമായ തുക മുൻകൂറായി പൊതുമരാമത്ത് വകുപ്പിലേക്ക് അടവാക്കിയതിനു ശേഷം മാത്രമാണ് കേരള വാട്ടർ അതോറിറ്റിക്ക് പൈപ്പുകൾ സ്ഥാപിക്കുന്നതിന് അനുമതി ലഭിക്കാറുള്ളത്. അതിനു ശേഷമാണ് പൊതുമരാമത്ത് റോഡുകളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നത്. |
| (ബി) | ആമ്പല്ലൂർ- പാലപ്പിള്ളി റോഡ്, തൃശ്ശൂർ- മണലി റോഡ്, ഉൾപ്പടെയുള്ള പൊതുമരാമത്ത് റോഡുകളുടെ പുനഃസ്ഥാപന പ്രവൃത്തികൾക്കായി വാട്ടർ അതോറിറ്റിക്ക് ആവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിനും റോഡുകളുടെ നവീകരണ പ്രവൃത്തികൾക്ക് തടസ്സം വരാതെ പുനഃസ്ഥാപന പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (ബി) | അളകപ്പ നഗർ ഗ്രാമപഞ്ചായത്തിൽ ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് അമ്പല്ലൂർ-പാലപ്പിള്ളി പൊതുമരാമത്ത് റോഡിൽ പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുള്ളത്. ഈ പ്രവൃത്തിയുടെ കരാറിൽ റോഡ് റെസ്റ്ററേഷൻ പ്രവൃത്തി ഉൾപ്പെട്ടിട്ടുള്ളതാണ്. കരാറുകാരന് കുടിശ്ശിക ഉള്ള - ബിൽ തുകകൾ കിട്ടാതെ പ്രവൃത്തി ചെയ്യുന്നതിന് സാധിക്കുകയില്ല എന്ന് അറിയിച്ചിരുന്നു. തുടർന്ന് 24.06.2025 തീയതിയിൽ പ്രീ ടെർമിനേഷൻ നോട്ടീസും 22.08.2025 തീയതിയിൽ ഫൈനൽ ടെർമിനേഷൻ നോട്ടീസും കരാറുകാരന് നൽകിയിട്ടുള്ളതാണ്. നിലവിൽ കരാറുകാരൻ കോടതിയിൽ കേസ് ഫയൽ ചെയ്തിരിക്കുകയാണ്.<br><br>30.06.2025 തീയതിയിൽ സബ് കളക്ടറുടെ അധ്യക്ഷതയിൽ കൂടിയ ജില്ല ഇൻഫ്രാസ്ട്രക്ച്ചർ കോർഡിനേഷൻ കമ്മിറ്റി (DICC) യോഗത്തിൽ ആമ്പല്ലൂർ പാലപ്പിള്ളി റോഡിൽ വാട്ടർ അതോറിറ്റി പ്രവൃത്തികൾ നിർവഹിക്കുന്നതിന് വാട്ടർ അതോറിറ്റി കരാറുകാരൻ സന്നദ്ധതനല്ലാത്തതിനാൽ നിലവിൽ കട്ട് ചെയ്ത ഭാഗത്തിന്റെ റെസ്റ്ററേഷൻ എസ്റ്റിമേറ്റ് വാട്ടർ അതോറിറ്റിക്ക് നൽകാൻ പൊതുമരാമത്ത് വകുപ്പിനോട് നിർദ്ദേശിച്ചു. 3150 മീറ്റർ നീളം റോഡ് റെസ്റ്ററേഷൻ ചെയ്യുന്നതിന് 60,55,000/- രൂപ അടവാക്കുന്നതിനുള്ള പിഡബ്ല്യുഡി യുടെ ഡിമാൻഡ് നോട്ടും എസ്റ്റിമേറ്റും കേരള വാട്ടർ അതോറിറ്റിയിൽ |

| | | | |
|---|---|---|---|
| | | | ലഭിച്ചിട്ടുണ്ട്. നിലവിൽ ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഫണ്ട് ലഭ്യതക്കുറവുണ്ട്.<br><br>ആമ്പല്ലൂർ പാലപ്പള്ളി റോഡിൽ പൈപ്പ് സ്ഥാപിക്കുന്നതിന് വേണ്ടി റോഡ് പൊളിക്കുന്നതിന് അനുമതി ലഭ്യമാക്കുന്നതിനായി 52,328/- രൂപയുടെ ബാങ്ക് ഗ്യാരൻറി സമർപ്പിക്കുന്നതിന് പിഡബ്ല്യുഡി ആവശ്യപ്പെട്ടിരുന്നെങ്കിലും സംയുക്ത പരിശോധന റിപ്പോർട്ട് ബാങ്ക് ഗ്യാരണ്ടിയോടൊപ്പം ലഭ്യമല്ല എന്ന കാരണത്താൽ ബാങ്ക് ഗ്യാരണ്ടി നിരസിച്ചതിനെ തുടർന്ന് ഈ റോഡിൽ ഇതുവരെ പൈപ്പുകൾ സ്ഥാപിച്ചിട്ടില്ല.<br><br>തൃക്കൂർ മണലി റോഡിൽ പൈപ്പ് സ്ഥാപിക്കുന്നത് കേരള വാട്ടർ അതോറിറ്റിയാണ്. എന്നാൽ ഈ കരാർ ഏറ്റെടുത്ത കരാറുകാരൻ പ്രവർത്തി നിർത്തിവെച്ചിരിക്കുകയും, ടെർമിനേഷൻ നടപടികൾക്കെതിരെ കോടതി വിധി നേടുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ ഈ റോഡിലെ റെസ്റ്റോറേഷൻ പ്രവർത്തികൾ പൊതുമരാമത്ത് വകുപ്പിനോട് ചെയ്യാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഈ പ്രവർത്തിക്കു വേണ്ടി 9,20,000/- രൂപയുടെ എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ സമർപ്പിച്ചിട്ടുണ്ട്. നിലവിൽ ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഫണ്ട് ലഭ്യതക്കുറവുണ്ട്. |

സെക്ഷൻ ഓഫീസർ